THE ORTHODOX CHRISTIAN
YOUTH MOVEMENT OF THE EAST
St. Thomas Bhavan, Old Seminary Road, Kottayam. Phone : 0481 2583997

OCYM/GS/02/2019

ബഹു. അച്ചാ/പ്രിയ സഹപ്രവർത്തകരെ,

യുവജനപ്രസ്ഥാനത്തിന്റെ പ്രവർത്തനങ്ങളിൽ യൂണിറ്റ്-ഭദ്രാസന-ഡിസ്ട്രിക്ട് കേന്ദ്ര തല പ്രവർത്തകരുടെ സേവനങ്ങളെ അനുസ്മരിച്ച് പ്രസ്ഥാനത്തിന്റെ 2018-19 വർഷത്തെ തുടർപ്രവർത്തനങ്ങൾ അറിയിക്കട്ടെ.

1. ബഹു. സുപ്രിംകോടതി വിധി നടത്തിപ്പ് നീതി നിഷേധത്തിനെതിരെ യൂണിറ്റുകൾ പാസാക്കിയ പ്രമേയം ഭദ്രാസന സെക്രട്ടറിമാരെ ഏൽപ്പിക്കുകയും ഭദ്രാസന ചുമതലക്കാർ അതാത് സ്ഥലങ്ങളിലെ ഭരണകക്ഷി നിയമസഭാ സാമാജികർക്ക് നൽകുന്നതിന് നേതൃത്വം നൽകുകയും വേണം.

2. ഈ വർഷത്തെ ചിന്താവിഷയമായ കൊലോസ്യ ലേഖനം 2:7 "*ക്രിസ്തുവിൽ വേരൂന്നി വളരുക*" "Rootted and built up in Chirst" അടിസ്ഥാനമാക്കി വേദപഠനം " ഉറവയിലേക്ക് " ഫെബ്രുവരി 2, 9, 16, 23 എന്നി ശനിയാഴ്ചകളിൽ ക്രമീകരിച്ചിരിക്കുകയാണ്. ഈ ദിവസങ്ങളിൽ യൂണിറ്റ് യോഗങ്ങൾ ഇല്ലായെങ്കിൽ മറ്റ് ദിവസങ്ങളിൽ ക്രമീകരിക്കുക. കൊലോസ്യലേഖനം 4 അധ്യായങ്ങൾ ഓരോ അധ്യായങ്ങളായി ഓരോ ആഴ്ച വീതം യൂണിറ്റ് യോഗങ്ങളിൽ വായിച്ച് പഠിക്കുക. ചിന്താവഷയ പഠന ബുക്ക് നേരത്തെ എല്ലാ യൂണിറ്റുകൾക്കും അയച്ച് നൽകിയിട്ടുണ്ട്. ഫെബ്രുവരി 24-ാം തീയതി ഞായറാഴ്ച 2 മണി മുതൽ അതിന്റെ എഴുത്തു പരീക്ഷ യൂണിറ്റ് തലത്തിൽ ക്രമീകരിക്കുകയാണ്. യൂണിറ്റുകളും ഭദ്രാസനങ്ങളും ഈ ദിവസങ്ങൾ ഇതിനായി വേർതിരിക്കണം. ബഹു.യൂണിറ്റ് പ്രസിഡന്റുമാർ ഇതിനായി പ്രത്യേകം താല്പര്യം എടുക്കണമെ.

3. ജനുവരി 26 റിപ്പബ്ലിക് ദിനം സൈനിക ഐക്യദാർഢ്യദിനമായി ആചരിക്കണം. അന്നേദിവസം പ്രതിജ്ഞ എടുക്കുകയും രാജ്യരക്ഷയ്ക്കായി പ്രാണത്യാഗംപോലും ചെയ്യുവാൻ തയ്യാറായി പോരാടുന്ന സൈനികർക്ക് ഐക്യദാർഢ്യം പ്രഖ്യാപിക്കണം.

4. വി. മൂന്നുനോമ്പ്, വലിയ നോമ്പ് എന്നിവ അനുഷ്ഠിക്കുവാൻ ശ്രമിക്കണം. വി. വലിയനോമ്പിൽ അനുദിന പ്രാർത്ഥന രാത്രി 10 മണിയ്ക്ക് ഒരു മിനിട്ട് വേർതിരിച്ച് എല്ലാ പ്രസ്ഥാന അംഗങ്ങളും നടത്തണം.

5. കേന്ദ്ര കലാമേള പത്തനംതിട്ട കാതോലിക്കേറ്റ് കോളേജിൽ വെച്ച് നടത്തപ്പെട്ടു. ആതിഥ്യക്രമീകരണങ്ങൾ ഭംഗിയായി ക്രമീകരിച്ച കേന്ദ്ര റീജിണൽ സെക്രട്ടറി ശ്രീ. സോഹിൻ വി. സൈമൺ, കലാമേള കൺവീനർ ശ്രീ. മത്തായി ടി. വർഗീസ് എന്നിവരോട് പ്രത്യേകം നന്ദി അറിയിക്കുന്നു. ക്രമീകരണങ്ങൾക്കായി അദ്ധ്വാനിച്ച എല്ലാവരോടും നന്ദി അറിയിക്കുന്നു. കലാമേളയിൽ ചെങ്ങന്നൂർ ഭദ്രാസന OCYM ഒന്നാം സ്ഥാനവും കുന്നംകുളം ഭദ്രാസന OCYM രണ്ടാം സ്ഥാനവും മാവേലിക്കര ഭദ്രാസന OCYM മൂന്നാം സ്ഥാനവും കരസ്ഥമാക്കി. അനുമോദനങ്ങൾ അറിയിക്കുന്നു. കലാമേളയിൽ പങ്കെടുത്ത എല്ലാവരോടും നന്ദി അറിയിക്കുന്നു.

6. 2018-19 പ്രവർത്തന വർഷത്തിൽ 4 ലക്ഷം രൂപായിൽ കുറയാതെ ജീവകാരുണ്യ പ്രവർത്തനങ്ങൾ നടത്തിയ യൂണിറ്റുകൾക്ക് അവാർഡ് നൽകുന്നതാണ്. പ്രവർത്തന റിപ്പോർട്ട് ഫോട്ടോകൾ സഹിതം ഏപ്രിൽ 30 ന് മുമ്പ് ജനറൽ സെക്രട്ടറി പേർക്ക് നൽകേണ്ടതാണ്. മുൻ വർഷങ്ങളിൽ ഈ അവാർഡ് ലഭിച്ചവരെ പരിഗണിക്കുന്നതല്ല.

**ഫാ. അജി കെ. തോമസ്**
ജനറൽ സെക്രട്ടറി

കോട്ടയം
20. 01. 2019

*(ബഹു. അച്ചൻ, ദയവായി ഇതിലുള്ള ഒരു കോപ്പി യൂണിറ്റ് സെക്രട്ടറിക്ക് നൽണമേ.)*